

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 4)1671/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 4)1671/2023

തീയ്യതി: 16/12/2023

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ബിന്ദു എസ് നായർ	ഡെപ്യൂട്ടി ഡയറക്ടർ	20-10-2023	31-10-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-10-2023	31-10-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കവിതാദേവി.വി,ഓഡിറ്റ് ഓഫീസർ
ഷർഫുദ്ദീൻ എസ് എച്ച്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ
കിരൺ കെ.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പോൾ. പി.ജോസഫ്	പ്രസിഡന്റ്	01-04-2022	15-06-2022
ശ്രീ ലൈജു ആന്റു	പ്രസിഡന്റ്	16-06-2022	30-06-2022
ശ്രീ ബൈജു പാലാട്ടി	പ്രസിഡന്റ്	01-07-2022	31-03-2023
ശ്രീ. പ്രശാന്ത്.കെ.കെ	സെക്രട്ടറി	01-04-2022	13-05-2022
ശ്രീമതി ഷീല ടി പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	14-05-2022	28-07-2022
ശ്രീ. പ്രശാന്ത്.കെ.കെ	സെക്രട്ടറി	29-07-2022	28-09-2022
ശ്രീമതി ഷീല ടി പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	29-09-2022	09-10-2022
ശ്രീ സുനിൽകുമാർ	സെക്രട്ടറി	10-10-2022	31-03-2023

കെ യു			

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)
ഷീല ടി പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022
തൻസീല	അസിസ്റ്റന്റ് സെക്രട്ടറി	14-11-2022
ബബിത പി എസ്	കൃഷി ഓഫീസർ	01-04-2022
ജെസി കെ എ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022
ഡോ അനുരൂപ് ജോസഫ് പി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2022
ഡോ ജോസ്‌ലിൻ ജാസ്മിൻ ജോസ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2022
ഡോ ചിത്ര	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022
ഡോ രജിത	വെറ്ററിനറി സർജൻ	01-04-2022
റീനമോൾ എം കെ	ഹെഡ് മിസ്ട്രസ്	01-04-2022
സൗമ്യ പി	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2022
ഷിനോ തോമസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മൂക്കന്നൂർ	01-04-2022
അശ്വതി സി നന്ദനൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കോക്കുന്ന്	01-04-2022
പ്രശാന്ത്.ഇ.എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Deficit തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.	1-1-2
4	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.	1-1-3
5	അഡ്വാൻസ് രജിസ്റ്റർ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.	1-1-4
6	കാലപഴക്കമുള്ള ഡെപ്പോസിറ്റ് തുകകൾ മുതൽ കൂട്ടുന്നില്ല.	1-1-5
7	ഇ-ടെണ്ടർ ഫോറത്തിന്റെ വില- ധനകാര്യപത്രികയിൽ റിസീവബിൾ ആയി ഉൾപ്പെടുത്തിയില്ല.	1-1-6
8	വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-7
9	വിവിധ ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയ സ്റ്റേറ്റ്മന്റിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.	1-1-8
10	ചെലവഴിക്കാൻ ശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് അക്കൗണ്ട് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-1-9
11	ഡിസ്ട്രസ്സ് റിലീഫ് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിലുള്ള നീക്കിയിരുപ്പ് തുകയ്ക്ക് പലിശ ലഭിക്കുന്നില്ല.	1-1-10
12	ബാധ്യതയായി രേഖപ്പടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	1-1-11
13	Recoveries Payable-Income Tax Deducted At Source എന്ന അക്കൌണ്ട് ഹെഡിൽ നെഗറ്റീവ് തുക രേഖപ്പടുത്തി	1-1-12

14	ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല	1-1-13
15	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-14
16	ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ല.	1-1-15
17	വൗച്ചറുകളുടെ എണ്ണം ബിൽ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.	1-1-16
18	ബജറ്റ്	1-2
19	സാമ്പത്തിക വിശകലനം	1-3
20	മുൻവർഷങ്ങളിൽ ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ നിലനിൽക്കുന്നു.	1-4-1
21	ഫണ്ട് വിനിയോഗം	1-4
22	പദ്ധതി അവലോകനം	1-5
23	തൊഴിലുറപ്പു പദ്ധതി	1-6
24	ക്ഷേമ പദ്ധതികൾ	1-7
25	ക്യാഷ് ബാലൻസ് പരിശോധന	1-8
26	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
27	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
28	തനതു വരുമാനം - അവലോകനം	1-11
29	വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു	1-12
30	വസ്തുനികുതി - റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് നൽകിയില്ല	1-13
31	തൊഴിൽ നികുതി - അപാകതകൾ	1-14
32	IFTE & OS ലൈസൻസ് - അപാകതകൾ	1-15
33	അങ്കണവാടി പോഷകാഹാര വിതരണം-അപാകത	1-16
34	വനിതകൾക്ക് കറവ പശു വിതരണം-അപാകത	1-17
35	മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-അപാകത	1-18
36	ഹോമിയോ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-19

37	പിഎച്ച്സി - ₹49814/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു	1-20
38	പി.എച്ച്.സി. ലാബ് ടെക്നീഷ്യന് അധിക വേതനം നൽകി	1-21
39	KMSCL ൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാകാൻ അവശേഷിക്കുന്നു	1-22
40	പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ആംബുലൻസ് ലോഗ്ബുക്ക് പരിപാലനം - അപാകതകൾ.	1-23
41	സ്മാർട്ട് ഗാർബേജ് ആപ്പ് സർവ്വെ	1-24
42	മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല.	1-25
43	മരാമത്ത് പ്രവൃത്തികൾ-എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല	1-26
44	മരാമത്ത് പ്രവൃത്തികൾക്കുള്ള ടെണ്ടർ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ കരാറുകാരുമായി കരാർ ചമച്ചു	1-27
45	മരാമത്ത് പ്രവൃത്തികളുടെ നിർവഹണം-പൊതുവായ വിലയിരുത്തൽ	1-28
46	പാർട്ട് ബിൽ നൽകിയ മരാമത്ത് പ്രവൃത്തികൾക്ക് പൂർത്തീകരണ റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നു	1-29
47	പഴയ ബാറ്ററി മാറി വാങ്ങിയിട്ടില്ല	1-30
48	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.	1-31
49	മഴക്കാലപൂർവ്വ ശുചീകരണം	1-32
50	പ്രിന്റിംഗ് ജോലികൾ- ആദായനികുതി ഈടാക്കിയില്ല	1-33
51	ജി ഒ പ്രോജക്ട്-അപാകതകൾ	1-34
	ഭാഗം 2	
1	ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി	2-1
2	മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ്	2-2

	ഈടാക്കിയിട്ടില്ല	
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **05.07.2023 ലെ 1(1)** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 5.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **മൂക്കന്നൂർ** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മൂക്കന്നൂർ** ഗ്രാമപഞ്ചായത്തിന്റെ **2022–23** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 16/12/2023 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും B1 ഷെഡ്യൂളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്). ഐ എൽ ജി എം എസ് സോഫ്റ്റ്വെയറിൽ അടിസ്ഥാന അനുപാതങ്ങൾ ലഭ്യമാകുന്നില്ല എന്ന് അറിയിച്ചു.

1-1-2 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Deficit തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ Gross Deficit Of Income Over Expediture After Prior Period Items തുക ₹(-1684764)/- എന്നതിനു പകരം തെറ്റായി ₹ (-1688998)/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. Income & Expenditure A/C ഓട്ടോ ജനറേറ്റ് ആണ് എന്നറിയിച്ചു.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1096898/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6929057/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. ഈ പോരായ്മ ഐകെഎം-ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ് എന്നറിയിച്ചു.

1-1-4 അഡ്വാൻസ് രജിസ്റ്റർ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

കേരള വാട്ടർ അതോറിറ്റിയ്ക്കും കേരള ഇലക്ട്രിസിറ്റി ബോർഡിനും തൻ വർഷം നൽകിയ ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതും ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 കാലപഴക്കമുള്ള ഡെപ്പോസിറ്റ് തുകകൾ മുതൽ കൂട്ടുന്നില്ല.

കാലപഴക്കമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

1-1-6 ഇ-ടെണ്ടർ ഫോറത്തിന്റെ വില-ധനകാര്യപത്രികയിൽ റിസീവബിൾ ആയി ഉൾപ്പെടുത്തിയില്ല.

ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ/ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്തി ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓൺലൈനായി അടവാക്കുന്ന തുകയുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാകാത്തതിനാലാണ് ഡിമാന്റിൽ ചേർക്കാത്തത്

എന്നും വരും വർഷങ്ങളിൽ വിവരങ്ങൾ ശേഖരിച്ച് ഡിമാന്റായി രേഖപ്പെടുത്തുന്നതാണ് എന്നും അറിയിച്ചു. ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടേയും ലഭിച്ച തുകയുടേയും കൃത്യത പരിശോധിച്ച് വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-1-7 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് തുകകൾക്ക് അടിസ്ഥാനമായ സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 22970/- രൂപ വസ്തുനികുതി ഇനത്തിൽ പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ(Account Head -190100101) വരവായി രേഖപ്പെടുത്തിയതായി കാണുന്നു. റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഏത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത് എന്നത് വിശദാംശങ്ങൾ അടക്കം അറിയിക്കേണ്ടതുമാണ്.

1-1-8 വിവിധ ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 22 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അവയുടെ ഡിപ്രിസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഐ എൽ ജി എം എസിൽ അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ രേഖപ്പെടുത്തുന്നതിന് 10 ഹെഡുകളാണ് ലഭ്യമായിട്ടുള്ളത് എന്നറിയിച്ചു. വിഷയം ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-1-9 ചെലവഴിക്കാൻ ശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് അക്കൗണ്ട് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബി-4 ഷെഡ്യൂളിൾ അക്കൗണ്ട് ഹെഡ് 3320700205 (Contribution Form Joint Venture Projects-From District Panchayats)പ്രകാരമുള്ള ഫണ്ടിലെ നീക്കിയിരിപ്പ് ആ ഫണ്ടിനായുള്ള Treasury Joint Venture Project Accounts എന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.അപാകത പരിഹരിച്ച് അറിയിക്കുന്നതാണ് എന്നറിയിച്ചു.

1-1-10 ഡിസ്ട്രസ്സ് റിലീഫ് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിലുള്ള നീക്കിയിരുപ്പ് തുകയ്ക്ക് പലിശ ലഭിക്കുന്നില്ല.

ഡിസ്ട്രസ്സ് റിലീഫ് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിലുള്ള നീക്കിയിരുപ്പ് തുകയ്ക്ക് കാലങ്ങളായി പലിശ ലഭിക്കുന്നില്ല. പലിശ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-11 ബാധ്യതയായി രേഖപ്പടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

350400999 – Refund From Unutilised Grants -Prior Period എന്ന അക്കൗണ്ട് ഹെഡിൽ ₹138787/- ബാധ്യതയായി രേഖപ്പടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-1-12 Recoveries Payable-Income Tax Deducted At Source എന്ന അക്കൌണ്ട് ഹെഡിൽ നെഗറ്റീവ് തുക രേഖപ്പടുത്തി

ബാലൻസ് ഷീറ്റിൽ, 350200114, Recoveries Payable - Income Tax Deduced At Source എന്ന അക്കൗണ്ട് ഹെഡിൽ -3400/- എന്ന് നെഗറ്റീവ് തുകയായി രേഖപ്പെടുത്തി. സെക്രട്ടറി, അസി സെക്രട്ടറി എന്നിവരുടെ ഇൻകം ടാക്സ് ടി.ഡി. എസ്. തുക രണ്ടു പ്രാവശ്യം അടവാക്കിയതിനാലാണ് അപാകതയുണ്ടായത് എന്നറിയിച്ചു. തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്. അതുവരെ B-15 ഷെഡ്യൂളിൽ റിസീവബിൾ എന്ന ഹെഡിലേക്ക് ചേർക്കാവുന്നതാണ്.

1-1-13 ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

190200401 –Prior Period Income എന്ന അക്കൗണ്ട് ഹെഡിൽ ₹6313/- ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-1-14 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യതാസത്തിനനുസരിച്ചും സാംഖ്യയിൽ ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം ഐ എൽ ജി എം എസ് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്.

1-1-15 ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ല.

ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-16 വൗച്ചറുകളുടെ എണ്ണം ബിൽ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തനത് ഫണ്ട് വൗച്ചറുകളുടെ എണ്ണവും പെയ്മെന്റ് ഓർഡർ ലിസ്റ്റ് പ്രകാരമുള്ള വൗച്ചറുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്യാൻസൽ ചെയ്ത പെയ്മെന്റ് ഓർഡറുകളുടേയും ക്യാൻസൽ ചെയ്ത വൗച്ചറുകളുടേയും വിവരങ്ങൾ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തൻവർഷം ക്യാൻസൽ ചെയ്ത പെയ്മെന്റ് ഓർഡറുകളുടെ ലിസ്റ്റും ക്യാൻസൽ ചെയ്ത വൗച്ചറുകളുടെ ലിസ്റ്റും ക്യാൻസൽ ചെയ്തതിനുള്ള കാരണം സഹിതം ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ഭരണസമിതിയുടെ 09.03.2022 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകാരം നൽകുകയുണ്ടായി. പരിഷ്കരിച്ച ബജറ്റ് 28/3/23 ലെ 2(4) തീരുമാനപ്രകാരം അംഗീകരിച്ചു.

	ബജറ്റ് പ്രകാരം	റിവൈസ്ഡ് ബജറ്റ് പ്രകാരം
മുൻബാക്കി	26070131	27577722
വരവ്	232177241	217881683
ആകെ	258247372	245459405
ചെലവ്	251004889	235287796
നീക്കിയിരുപ്പ്	7242483	10171609

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	32827720
ഓഡിറ്റ് വർഷത്തെ വരവ്	35571336
ആകെ	68399056
ഓഡിറ്റ് വർഷത്തെ ചെലവ്	36668234
നീക്കിയിരിപ്പ്	31730822

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ്-ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1-4-1 മുൻവർഷങ്ങളിൽ ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ നിലനിൽക്കുന്നു.

ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ അക്കൗണ്ട് ഹെഡുകളിലായി (320100149-200000/- 320100192-83816/-; 320100193-14223/-; 320100197-19601/-; 320100198-315000/-; 320300103-11416/-; 320700205-27775/-) മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ നിലനിൽക്കുന്നു. ഈ തുകകൾ അതത് ഫണ്ടിൽ തിരിച്ചടയ്ക്കുന്നതും ചെലവു ചെയ്യുന്നതും സംബന്ധിച്ച് വിശദമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	വരവ് (അലോട്ട്മെന്റ്)	ആകെ	ചെലവ്	ലാപ്സായ തുക	നീക്കിയിരിപ്പ്
വികസനഫണ്ട് - ജനറൽ	0	13156893	13156893	12477385	679508	
വികസനഫണ്ട്- എസ്.സി.പി.	0	3180201	3180201	3180201	0	
വികസനഫണ്ട്- ടി എസ്.പി.		177025	177025	177025	0	
സംരക്ഷണഗ്രാന്റ്- റോഡ്	0	21914000	21914000	19519504	2394496	
സംരക്ഷണഗ്രാന്റ്- നോൺറോഡ്	0	4570000	4570000	4068555	501445	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied		459127	459127	459127		0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied Bank	1969551	3425000	5394551	4732804		661747
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied						
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied- Bank	78551	2398985	2477536	2450365		27171

320100125-lcds	340410	883552	1223962	485399		738563
320100149 NHRM	200000	0	200000	0		200000
320100160-ലൈഫ് ഭവനം	575	16	591	60		531
-320100181-TSC	658627	17457	676084	134829		541255
320100190 വിമുക്തി	39555	0	39555	0		39555
320100192 ഫ്ലഡ് റിലീഫ്	83816	0	83816	0		83816
320100193 Drought Relief	14223	0	14223	0		14223
320100196	33000	0	33000	33000		0
320100198-ശുചിത്വ മിഷൻ	315000	0	315000	0		315000
320100201-ഹെൽത്ത് ഗ്രാന്റ്		81381	81381	0		81381
320100202-ഹെൽത്ത് ഗ്രാന്റ്		211355	211355	0		211355
320200399-Life	0	3700000	3700000	1662000		2038000
320300102-ജലനിധി	1168733	32473	1201206	0		1201206
320100103-ടോട്ടൽ സാനിട്ടേഷൻ	20047	0	20047			20047
320300103 -Total Sanitation	11416	0	11416			11416

കുറിപ്പ്:-

1.

	സോഴ്സ് ഡിഡക്ഷൻ,	ക്യാപിറ്റൽ അക്കൗണ്ട്
വികസനഫണ്ട് - ജനറൽ	859093	237366
വികസനഫണ്ട്-എസ്.സി.പി.	116799	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	-	2257725
ധനകാര്യ കമ്മീഷൻ ഗ്രാന്റ്		126989
ധനകാര്യ കമ്മീഷൻ ഗ്രാന്റ്		3557277
മെയിന്റനൻസ് ഫണ്ട്-റോഡിതരം		806496

2. തൻ വർഷത്തിൽ വികസനഫണ്ട് - ജനറൽ, സംരക്ഷണഗ്രാന്റ്- റോഡ് എന്നീ ഫണ്ടുകളിൽ സബ്മിറ്റ് ചെയ്ത് പാസ്സാകാത്ത ബില്ലുകൾ ACRൽ ക്യാൻസൽ ചെയ്തിട്ടില്ലാത്തതിനാൽ ACR പ്രകാരമുള്ള ചെലവും ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
249	118953454	201	58747604	128	73	48	51.41%

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവ്	1267	392862	394129	392649	1480
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	13071082	13071082	13071082	-
ആകെ	1267	13463944	13465211	13463731	1480

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പെൻഷൻ ഇനം	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷകതൊഴിലാളി പെൻഷൻ	1728200	146
2	വിധവാ പെൻഷൻ	8705400	792
3	വാർധക്യകാല പെൻഷൻ	22003200	2057
4	50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	809000	73
5	ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	3205600	282
7	വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	30000	1

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2023 തീയതിയിൽ 3.30 Pm -ന സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹15240/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളും മറ്റു റെക്കോർഡുകളും

കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനത്തിൽ പോരായ്മകൾ കാണപ്പെടുന്നു. കംപ്യൂട്ടർ പോലെയുള്ള സാധനങ്ങൾ സ്റ്റോക്ക് എടുക്കുമ്പോൾ അവയുടെ സ്പെസിഫിക്കേഷൻ, വാറന്റി, കണ്ടീഷൻ ഇത്യാദി വിവരങ്ങൾ ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഒഴിവാക്കേണ്ടവ ഒഴിവാക്കി വെള്ളക്കര ഇനത്തിലുള്ള വർദ്ധന നിയന്ത്രിക്കുന്നതിനും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി ചാർജ് നിരീക്ഷിക്കുന്നതിനും അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12-12-2020	11/2020	27.01.2021
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19-11-2016	2011-12 മുതൽ 2015-16 വരെ	05.07.2017

1-11 തനത വരുമാനം – അവലോകനം

14 വാർഡുകളിലായി വ്യാപിച്ചാണ് മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനത വരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)വസ്തു നികുതി

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പിരിവ് അഭിനന്ദനാർഹമാണ്. ബാലൻസ് ഷീറ്റ് പ്രകാരം നൂറു ശതമാനത്തിനടുത്ത് വസ്തു നികുതി പിരിച്ചെടുക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കൽ

സ.ഉ.(അച്ചടി)നം:25/2023/തസ്വഭവ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ

വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതു പ്രകാരം 05.05.2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡിക പ്രകാരം ഓരോ 5 വർഷം കൂടുമ്പോഴും നിശ്ചയിക്കുന്ന വസ്തുനികുതി നിരക്കുകൾ അതിന് മുൻ വർഷത്തെ നിലവിലുള്ള നിരക്കിനൊപ്പം 5% കൂടിയ തുകയേക്കാൾ കുറവായിരിക്കാൻ പാടില്ലാത്തതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ 05/05/2023 ൽ നടത്തിയ കരട് വിജ്ഞാപനത്തിൽ എല്ലാ വിഭാഗം കെട്ടിടങ്ങൾക്കും പഴയ നിരക്കിൽ നിന്ന് 5 ശതമാനം വർദ്ധനവ് വന്നിട്ടില്ല എന്ന് 13.06.2023 ലെ യോഗം വിലയിരുത്തിയതിനാൽ പ്രസ്തുത തീയതിയിലെ 6(1)-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചു.

കരട് വിജ്ഞാപനത്തിനു ശേഷം ആക്ഷേപമില്ലെങ്കിൽ 30 ദിവസത്തിനു ശേഷം ഭരണസമിതിയുടെ അംഗീകാരത്തിനു വിധേയമായി വസ്തു നികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയയിൽ മാറ്റം വരുത്താവുന്നതാണ്. ആക്ഷേപങ്ങൾ ലഭ്യമാകാത്തതിനാൽ 26/09/2023 തീയതിയിലെ ഭരണസമിതിയുടെ 3(1)നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സഞ്ചയ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വരെ നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗ് നടത്തിയിട്ടുള്ള ഗ്രാപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

2)പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. പ്രസ്തുത പരിശോധനയിലൂടെ വസ്തുനികുതി ഇനത്തിലൂടെയുള്ള നികുതി ചോർച്ച കുറയ്ക്കാവുന്നതാണ്.

3)സേവന ഉപനികുതി ചുമത്തൽ

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ (ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ്) അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത പഞ്ചായത്ത് കമ്മിറ്റിക്ക് പരിശോധിക്കാവുന്നതാണ്.

4)വാടക

പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിന്റെ വാടക ഇനത്തിലെ മുഴുവൻ തുകയും പഞ്ചായത്ത് പിരിച്ചെടുത്തിട്ടുണ്ട്.

5)തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന രജിസ്റ്ററാണ് നിലവിലുള്ളത്. ആയതിനാൽ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ ഒടുക്ക് സംബന്ധിച്ച പരിശോധന സാധ്യമാകുന്നില്ല. പഞ്ചായത്തിൽ വാണിജ്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യപ്പെടുന്നില്ല.

6)FTEA & OS ലൈസൻസ്

1994-ലെ പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. സഞ്ചയ പ്രകാരം നിരവധി കെട്ടിടങ്ങൾ വാണിജ്യ-വ്യവസായ ഉപയോഗക്രമത്തിലുണ്ടെങ്കിലും ആയതിന് ആനുപാതികമായി പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ല. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിനനുസൃതമായി എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തനതു വരുമാനം – വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കേണ്ടത്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

1-12 വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു

മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 32/- രൂപയും, വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 55/- രൂപയുമാണ്. എന്നാൽ സഞ്ചയയിൽ 5/475 A, 5/475 B, 5/475 C എന്നീ വാണിജ്യ കെട്ടിടങ്ങളുടെ വിസ്തീർണ്ണം 102.65 ച.മീറ്റർ വീതം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അടിസ്ഥാന നിരക്കായ 55/- രൂപക്ക് പകരം 32/- രൂപ കണക്കാക്കിയാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. ആയതിനാൽ വസ്തുനികുതി ഇനത്തിൽ കുറവുണ്ടായിട്ടുണ്ട്.

ഇനം	നികുതി നിർണ്ണയിച്ചത്	നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്
തറവിസ്തീർണ്ണം (ച.മീറ്റർ)	102.65	102.65
അടിസ്ഥാന വസ്തു നികുതി	102.65 * 32 = 3284.8	102.65 * 55 = 5645.75
വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20%	3284.8*20% = 656.96	5645.75 * 20% = 1129.15

എയർ കണ്ടീഷനിംഗ് (വർദ്ധനവ്) - 10%	3284.8 * 10% = 328.48	5645.75 *10% = 564.575
ആകെ വസ്തുനികുതി	**3284.8+656.96+328.48= 4270.24 (4271)**	**5645.75+1129.15+564.575=7339.475 (7340)**
ലൈബ്രറി സെസ്സ് - 5%	213.5 (214)	367
ആകെ നികുതി	4271 +214 =4485	7707
നികുതി നിർണ്ണയത്തിൽ വന്ന ആകെ കുറവ്	7707 – 4485 = 3222	

ഒരു കെട്ടിടത്തിന്റെ വസ്തു നികുതിയിൽ മാത്രം ₹3222/- കുറവാണുള്ളത്. ആയതു പ്രകാരം മൂന്ന് കെട്ടിടങ്ങൾക്ക് ₹9666/- രൂപയുടെ കുറവ് പ്രസ്തുത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തിയ 2014- ഒന്നാം അർദ്ധവർഷം മുതൽ ഉണ്ടാകുന്നു. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/31.10.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. കുടിശ്ശിക നികുതി ഈടാക്കേണ്ടതുമാണ്.

1-13 വസ്തുനികുതി – റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് നൽകിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതിയിൽ താഴെ പറയുന്ന ഇളവ്/വർദ്ധനവ് നൽകാവുന്നതാണ്.

ക്രമ നം	വഴി സൗകര്യത്തിന്റെ തരംതിരിവ്	അടിസ്ഥാന വസ്തുനികുതിയിൽ വരുത്തുന്ന	
		ഇളവ് (ശതമാനം)	വർദ്ധനവ് (ശതമാനം)
1	അഞ്ച് മീറ്ററോ അതിൽ കൂടുതലോ മീറ്ററിൽ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശന മാർഗ്ഗം	ഇല്ല	20
2	അഞ്ച് മീറ്ററിൽ കുറവ് ഒന്നര മീറ്ററിൽ കൂടുതലും	ഇല്ല	ഇല്ല
3	ഒന്നര മീറ്ററോ അതിൽ കുറവും	10	ഇല്ല
4	പൊതുവഴി സൗകര്യം ഇല്ലാത്തത്	20	ഇല്ല

റിന്റോ S/O റപ്പായി മഞ്ഞളി,അളഗപ്പനഗർ എന്നയാളുടെ 16/08/2017തീയതിയിലെ പെർമിറ്റ് നമ്പർ B1-1229(1387)/2017 പ്രകാരം നിർമ്മാണം പൂർത്തിയായ 538.28ച.മീ നിർമ്മിതി വിസ്തീർണ്ണമുള്ള ബഹുനില വാണിജ്യ & ലോഡ്ജ് ഗണത്തിൽ പെടുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ 12 മീറ്റർ വീതിയുള്ള പി.ഡബ്ല്യു.ഡി റോഡിൽ നിന്നും പ്രവേശന മാർഗ്ഗം കംപ്ലീഷൻ പ്ലാനിലും സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ ടി കെട്ടിടത്തിന് 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അഞ്ച് മീറ്ററോ അതിൽ കൂടുതലോ മീറ്ററിൽ വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് വരുത്തിയിട്ടില്ല.

	ആകെ വിസ്തീർണ്ണം (ച.മീ)	വാർഡ് നം/ കെട്ടിട നമ്പർ	സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപയോഗ ക്രമം	വസ്തു നികുതി /ച.മീ.	അടിസ്ഥാന വസ്തു നികുതി	വർദ്ധനവ് (വഴി സൗകര്യം) 20%

താഴത്തെ നില, സ്റ്റെയർ റൂം	160.12+ 19.22= 179.34	3/17 A,B,C,D,E,F	വാണിജ്യാ വശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	55	9863.7	1972.74
ഒന്നാം നില	179.47	3/17 G,H,I,J,K,L,M	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ	25	4486.75	897.35
രണ്ടാം നില	179.47	3/17 N,O,P,Q,R,S,T	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ	25	4486.75	897.35
വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വരുത്തേണ്ടിയിരുന്ന ആകെ വർദ്ധനവ്						3767.44

മേൽ കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് നൽകാതിരുന്നതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/31.10.2023) മറുപടി ലഭ്യമാക്കിയില്ല. 2020-21 രണ്ടാം അർദ്ധവർഷം നികുതി നിർണ്ണയം നടത്തിയിട്ടുള്ള പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി, റോഡിന്റെ വീതിക്കനുസൃതമായുള്ള 20% വർദ്ധനവ് നൽകി പുനർ നിർണ്ണയിക്കേണ്ടതും സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. കൂടാതെ 2020-21 രണ്ടാം അർദ്ധവർഷം മുതലുള്ള കുടിശ്ശിക നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല. നിലവിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാണോയെന്ന പരിശോധന സാധ്യമായിട്ടില്ല. പ്രസ്തുത ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2)പെപെ മാർട്ട് സൂപ്പർമാർക്കറ്റ്, ജെ.എം. മൂവീസ് ജോഷ് മാൾ എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല. വിശദവിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

3)താഴെ ചേർക്കുന്ന പാരാ-മെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമനം	സ്ഥാപനത്തിന്റെ പേര്	ലൈസൻസി	ലൈസൻസ് നം	ജീവനക്കാരുടെ എണ്ണം
1	വൺനെസ് ഹോമിയോ ക്ലിനിക്	ഷാബു ജോസഫ്	140/2022-23	2
2	മോഡേൺ ഡെന്റൽ കെയർ	ഡോ.ആൽബിൻ പോൾ	259/2022-23	2
3	XPERT ഡെന്റൽ ക്ലിനിക്	ഡോ.ജെറിൻ ജോസ്	122/2022-23	2
4	ആർബി ഡെന്റൽ ക്ലിനിക്	അലീന ജോസഫ്	123/2022-23	2

4)ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമനം	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് നം	അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം
1	പേസ് ട്രോഫി	8/22-23	4
2	ടെക്കോറ ടൈൽസ്	15/22-23	6
3	ന്യൂമൽസ് ഇൻഡസ്ട്രീസ്	18/22-23	6
4	SCILLA ഫൈൻ ഫുഡ്സ് ഇൻഡ്യ പ്രൈ.ലി.	21/22-23	4
5	മറ്റേക്കാട്ട് മെഡിക്കൽസ്	38/22-23	4
6	കുളങ്ങര ഇൻഡേൻ സർവ്വീസ്	56/22-23	5
7	എസ് ഡി ഏജൻസീസ്	58/22-23	9
8	പി.ജെ ഫുവൽസ്	63/22-23	4
9	ജെഎംജെ എന്റർപ്രൈസസ്	111/22-23	7

10	ഡിസി ഗാർമെന്റ്സ്	138/22-23	4
11	ഉപ്പൻ എന്റർപ്രൈസസ്	161/22-23	4
12	ഉപ്പൻ ഇൻഡസ്ട്രീസ്	159/22-23	6
13	T P ഫുഡ്സ് & ബിവറേജസ്	164/22-23	4
14	സൽക്കാർ റെസ്റ്റോറന്റ് കിച്ചൺ	200/22-23	5
15	ഫുഡ് കഫേ കാറ്ററേഴ്സ്	206/22-23	5
16	സുരക്ഷ ട്രാൻസ്പോർട്ട് സിസ്റ്റംസ് ഇന്ത്യ പ്രൈ.ലി.	213/22-23	12
17	KURLIS ഇന്ത്യ പ്രൈ.ലി.	230/22-23	8
18	ടെലോബോൾട്ട് ഹെൽത്ത്കെയർ - ഇൻഡസ്ട്രീസ്	238/22-23	5
19	പാലാ ടയർ വർക്ക്സ്	239/22-23	6
20	എലൻ എഞ്ചിനീറിംഗ് വർക്ക് ഷോപ്പ്	249/22-23	6
21	വി.പി.ജി ബ്രിക്സ്	261/22-23	5
22	ഹോളി ഫാമിലി ഫ്യുവൽസ്	289/22-23	4
23	KURLIS	290/22-23	5
24	എം.ജി ഫ്യുവൽ പോയിന്റ്	293/22-23	6
25	പറക്കാടൻസ് ആഗ്രോ മിൽസ്	300/22-23	10

5)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് നം./ തീയതി	അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം	റിട്ടേൺ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം	കുറവ്
1	മൂക്കന്നൂർ ടൂറിസ്റ്റ് ഹോം	11/22-23	12	7	5
2	അലൻടെക് ഇൻഡസ്ട്രിയൽ സല്യൂഷൻസ്	126/22-23	10	7	3
3	ഫ്രെമോ സൂപ്പർമാർക്കറ്റ്	202/22-23	20	8	12

ക്രമനമ്പർ 3, 4, 5 എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

6)താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ നികുതി പത്രികകളിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിരിച്ചെടുത്ത തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1	Yemkey Polymers	I & II
2	തളിയൻ ട്രേഡേഴ്സ് പ്രൈ.ലി.	I & II
3	ആർബി ഏജൻസീസ്	I & II
4	ഹോട്ടൽ ആനന്ദ്	I & II

സ്ഥാപനങ്ങൾ നികുതി റിട്ടേൺ പത്രിക സമർപ്പിക്കുമ്പോൾ ആയതിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകൾക്കനുസൃതമായി തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

7)2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൊഴിൽനികുതി (ജീവനക്കാർ) ഈടാക്കിയ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 സാമ്പത്തിക വർഷം ആയത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1	BSNL മൂക്കന്നൂർ	I & II
2	ലക്ഷദ്വീപ് മറൈൻ സർവ്വീസസ്	I & II

8)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	മൂക്കന്നൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം,ഇ-126(ഡി)	I & II
2	വട്ടേക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം, ഇ-41(ഡി)	I & II
3	പാലിശ്ശേരി ക്ഷീരോൽപ്പാദക സഹകരണ സംഘം, ഇ-41(ഡി)	I & II
4	ദേവഗിരി ക്ഷീരോൽപ്പാദക സഹകരണ സംഘം,ഇ-129(ഡി)	I & II
5	പൂതംകുറ്റി ക്ഷീരോൽപ്പാദക സഹകരണ സംഘം,ഇ-88ഡി)	I & II

9) തൊഴിൽ നികുതി രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. DCB തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/25.10.2023) മറുപടി നൽകിയില്ല. തുടർ നടപടികൾ സ്വീകരിച്ച്

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 IFTE & OS ലൈസൻസ് - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിലെ IFTE & OS ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. സേവന മേഖലയിൽ മൂലധന നിക്ഷേപം 10 ലക്ഷം രൂപയിൽ കൂടാത്തത്, 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും, 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും, 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും , 5 കോടി രൂപയിൽ കൂടുതൽ എന്നിങ്ങനെയും ഉത്പാദന മേഖലയിൽ മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടാത്തത്, 25 ലക്ഷം രൂപയിൽ കൂടുതലും 1 കോടി രൂപയിൽ അധികരിക്കാത്തതും, 1 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും, 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ അധികരിക്കാത്തതും, 10 കോടി രൂപയിൽ കൂടുതൽ എന്നിങ്ങനെയും സ്ഥാപനങ്ങളെ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്റർപ്രൈസസുകളാക്കി തിരിച്ച് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ എം.എ.ജി.ജെ എന്ന സ്ഥാപനത്തിൽ നിന്നും മേൽ പരാമർശിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 2-2 ചേർത്തിട്ടുണ്ട്.

2) സ്ഥാപനങ്ങുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. നിലവിൽ സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധന നടത്താനായിട്ടില്ല.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.2019 ലെ (സി.എസ്)എ9-764/2019 കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ IFTE&OS ലൈസൻസ് രജിസ്റ്ററും, തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ചപ്പോൾ റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ, തൊഴിൽനികുതി അടവാക്കുകയോ ചെയ്തതായി കാണുന്നില്ല. ആയതിനാൽ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതും ആയവ ലൈസൻസ് എടുക്കാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

4) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ ചേർക്കുന്ന ഷാപ്പുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

ക്രമ നം	സ്ഥാപനം
1	ടോഡി ഷോപ്പ് , മൂക്കന്നൂർ
2	ടോഡി ഷോപ്പ് , ആഴകം
3	ടോഡി ഷോപ്പ് , മഞ്ഞിക്കാട്

5) IFTE & OS ലൈസൻസ് DCB സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/26.10.2023) മറുപടി നൽകിയില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 അങ്കണവാടി പോഷകാഹാര വിതരണം- അപാകത

പ്രോജക്ട് നമ്പർ, പേര്	1/23, അങ്കണവാടി പോഷകാഹാരം
നിർവഹണ ഉദ്യോഗസ്ഥൻ	ICDS സൂപ്പർവൈസർ
അടങ്കൽ	1000000/-വികന ഫണ്ട്-ജനറൽ 800000/- കേന്ദ്രാവിഷ്കൃത ഫണ്ട് 400000/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആകെ-2200000/-2020-21 രണ്ടാം അർദ്ധവർഷം
ചെലവ്	1000000/-വികന ഫണ്ട്-ജനറൽ 485399/- കേന്ദ്രാവിഷ്കൃത ഫണ്ട് 199978/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആകെ-1685377/-

മേൽ പ്രോജക്ട് പ്രകാരം സിവിൽ സപ്ലൈസിൽ നിന്ന് വാങ്ങുന്ന പോഷകാഹാരം അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിന് 1000/-ദിവസവേതനത്തിൽ തുക നൽകുന്നതായി കാണുന്നു.

ക്രമ നം	ബിൽ തുക/ തീയതി	വിതരണം ചെയ്ത പോഷകാഹാരം (Kg)	ദിവസവേതനത്തിൽ നൽകിയ തുക
1	100989/26.8.2022	950 Kg	2000
2	190200/15.5.2022	1862 Kg	4000
3	200300/27.2.23	420+1834 Kg	5000
4	285099/20.3.23	800+1867kg	6000

മാർഗ്ഗനിർദ്ദേശ പ്രകാരം സർക്കാർ നിർദ്ദേശിച്ച നിരക്കിൽ വിതരണം സാധ്യമാകാത്ത പക്ഷം ക്വട്ടേഷൻ/ ടെൻഡർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ നിരക്ക് നിശ്ചയിച്ച് വിതരണം നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.
പോഷകാഹാരം അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും ദിവസവേതനത്തിൽ നിയമിച്ച് തുക നൽകുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 30-10-23 ലെ ഓഡിറ്റ് എൻക്വയറി നം 16 ന് മുൻ വർഷങ്ങളിൽ പോഷകാഹാരം വിതരണം നടത്തിയിരുന്നയാൾ സമയബന്ധിതമായി പോഷകാഹാരം വിതരണം ചെയ്യാതിരുന്നതുമൂലം പഞ്ചായത്തിന്റ നിർദ്ദേശപ്രകാരമാണ് പഞ്ചായത്ത് വാഹനം ഉപയോഗിച്ചും ആവശ്യാനുസരണം

ദിവസവേതനക്കാരെ നിശ്ചയിച്ച് ₹1000/ ദിവസവേതനം നൽകി പോഷകാഹാരം വിതരണം ചെയ്തത് എന്നറിയിച്ചു.

പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-17 വനിതകൾക്ക് കറവ പശു വിതരണം-അപാകത

പ്രൊജക്ട് നമ്പർ	38/23
പ്രൊജക്ടിന്റെ പേര്	വനിതകൾക്ക് പശു വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിറനറി സർജൻ
അടങ്കൽ	385000/- വികസന ഫണ്ട് -ജനറൽ 385000/- ഗുണഭോക്തൃവിഹിതം
ചെലവ്	385000/- വികസന ഫണ്ട് -ജനറൽ
ബിൽ നം	3/10-5-2022, 357500/- 21/15-6-2022, 27500/-

മേൽ പ്രൊജക്ടിലൂടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27.10-23 ലെ ഓഡിറ്റ് എൻക്വയറി നം 6 ന് റേഷൻകാർഡ് പ്രകാരമുള്ള വരുമാനം പരിശോധിച്ചാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്ന മറുപടി തൃപ്തികരമല്ല. ₹10000/- വരെയുള്ള ആനുകൂല്യങ്ങൾക്ക് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് പ്രകാരമുള്ള വരുമാനം പരിഗണിക്കാൻ അനുവദിച്ചിട്ടുള്ളത്. വരുമാന സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി ഗുണഭോക്താക്കളുടെ വരുമാനം പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി മാത്രം ധനസഹായം നൽകേണ്ടതാണെന്നും, ഭാവിയിൽ ഇത്തരം അപാകതകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

1-18 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-അപാകത

വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്ട് നം 4/ 23 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (അടങ്കൽ - മെയിന്റനൻസ് ഫണ്ട് റോഡിതരം-300000/-; ചെലവ്, മെയിന്റനൻസ് ഫണ്ട് റോഡിതരം-300000/-) എന്ന പ്രോജക്ടിലൂടെ തൻ വർഷം അശമന്നൂർ സർവ്വീസ് സഹകരണ ബാങ്ക്, ഓടക്കാലി നടത്തുന്ന നീതി സ്റ്റോറിൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങി നൽകിയിരിക്കുന്നതായി കാണുന്നു. വിവിധ സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിൽ മരുന്നുകൾക്ക് ഏകീകൃത വില നിശ്ചയിച്ചിട്ടില്ലാത്തതും ആയതിനാൽ വിലകളിൽ അന്തരം ഉണ്ടാകുന്നതുമാണ്. മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ട് മറ്റ് നീതി സ്റ്റോർ, മാവേലി സ്റ്റോർ, സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ മരുന്നുകളുടെ വിലവിവരം അന്വേഷിച്ച് ബോധ്യപ്പെട്ടതായി കാണുന്നില്ല.

മാർഗരേഖ പ്രകാരം മരുന്നുകൾ വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നീതി സ്റ്റോർ, മാവേലി സ്റ്റോർ/ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ നിന്ന് വാങ്ങി നൽകാവുന്നതാണ് എന്ന നിർദേശമാണുള്ളത്. ഈ നിർദേശം അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം സ്വീകരിക്കുന്നതാണ് ഉചിതം. മുഴുവൻ വർഷത്തേയ്ക്കുള്ള വലിയ തുകയ്ക്കുള്ള മരുന്ന് ഒരുമിച്ച് വാങ്ങുമ്പോൾ ടെണ്ടർ/ക്വട്ടേഷൻ

നടപടികൾ സ്വീകരിച്ച് എറ്റവും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാവുന്ന എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27.10-23 ലെ ഓഡിറ്റ് എൻക്വയറി നം 6 -ന്, നീതി സ്റ്റോർ സർക്കാർ സ്ഥാപനമായതിനാൽ ടെണ്ടർ വാങ്ങേണ്ടതില്ല എന്നും മാർഗരേഖ പ്രകാരം നീതി സ്റ്റോറിൽ നിന്ന് വാങ്ങാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതായും അറിയിച്ചു.

വലിയ തുകയ്ക്കുള്ള മരുന്നുകൾ ഒരുമിച്ച് വാങ്ങുമ്പോൾ കൂടുതൽ സൗകര്യമായും എറ്റവും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാവുന്ന എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

1-19 ഹോമിയോ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പദ്ധതിയുടെ നമ്പർ, പേര്	S0005/23 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക	2,50,000/-(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)
ആകെ ചെലവ് തുക	2,50,000/-
ബിൽ നമ്പർ/തീയതി	66132/2022-23 തീയതി 03.11.2022 തുക : 2,50,000/-
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ

പ്രൊജക്ടിൽ മരുന്ന് വാങ്ങുവാൻ ഹോംകോ, ആലപ്പുഴയ്ക്ക് ₹2,50,000/- നൽകിയിട്ടുണ്ട്. ആയതിൽ LF-742 തീയതി: 29.07.2023 നമ്പർ ഇൻവോയ്സ് പ്രകാരം ₹1,32,396/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ₹1,17,604/- രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണുന്നു. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/28.10.2023) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ₹1,17,604/- ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 പിഎച്ച്സി - ₹49814/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

പ്രോജക്ട് നമ്പർ	14/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, മൂക്കന്നൂർ പി എച്ച് സി
പ്രോജക്ടിന്റെ പേര്	പി എച്ച് സിയിലേക്ക് മരുന്ന വാങ്ങൽ
അടങ്കൽ	₹10,00,000/- മെയിന്റനൻസ് ഫണ്ട്-റോഡിതരം
ചെലവ്-	1.₹99,638/- 64/23.08.2022 2.₹99,984/- 65/23.08.2022 3.₹93890/- 93/26.09.2022 4.₹99,999/- 110/18.10.2022 5.₹99,997/- 109/18.10.2022 6.₹99,999/- 133/04.11.2022 7.₹97,944/- 217/09.01.2023 8.₹99,998/- 216/09.01.2023 9.₹89,309/- 255/08.02.2023 9.₹1,19,242/- 310/13.03.2023 ആകെ = ₹10,00,000 /-

മേൽ പ്രൊജക്ട് പ്രകാരം മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് പ്രൊഫോർമ ഇൻവോയ്സ് നം. PRF3905 തീ.25.01.2023

പ്രകാരം ₹89,309/-ക്കുള്ള മരുന്ന ലഭ്യമാക്കുന്നതിന് മേൽ പട്ടിക യിലെ ബിൽ ക്രമ നം. 9 പ്രകാരം അഡ്വാൻസ് ആയി തുക കൈമാറിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/28.10.2023) ₹39495/- മരുന്നുകൾ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സുകൾ ഹാജരാക്കി. ബാക്കി ₹49814/- യുടെ മരുന്നുകൾ ലഭ്യമാകാനുണ്ടെന്നും നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും മറുപടി നൽകി. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ₹49814/- ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 പി.എച്ച്.സി. ലാബ് ടെക്നീഷ്യന് അധിക വേതനം നൽകി

പ്രോജക്ട് നമ്പർ	15/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ മൂക്കന്നൂർ പിഎച്ച് സി
പ്രോജക്ടിന്റെ പേര്	പിഎച്ച് സി ലാബ് ടെക്നീഷ്യന് വേതനം നൽകൽ
അടങ്കൽ	₹2,75,400/- തനത് ഫണ്ട്
ചെലവ്	1.₹20750/- ബിൽ നം.23 തീയതി. 16.06.22 2.₹17430/- ബിൽ നം.82 തീയതി. 12.09.22 3.₹20750/- ബിൽ നം.111 തീയതി. 18.10.22 4.₹20750/-ബിൽ നം.131 തീയതി. 04.11.22 5.₹20750/- ബിൽ നം.178 തീയതി. 08.12.22 6.₹20750/- ബിൽ നം.257 തീയതി. 08.02.23 7.₹20750/- ബിൽ നം.308 തീയതി. 13.03.23 8.₹20750/- ബിൽ നം.474 തീയതി. 31.03.23 ആകെ = ₹1,62,680 /-

മൂക്കന്നൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിതയായ ലാബ് ടെക്നീഷ്യന് വേതനം നൽകുന്നതിനായി (പ്രതിദിനം 830/- നിരക്കിൽ) രൂപീകരിച്ച പ്രൊജക്ടാണിത്. ആയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.ലാബ് ടെക്നീഷ്യന്റ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സെപ്റ്റംബർ 2022, നവംബർ 2022, ജനുവരി 2023, ഫെബ്രുവരി 2023 മാസങ്ങളിൽ താഴെ ചേർക്കും പ്രകാരം അധിക വേതനം അനുവദിച്ചതായി കാണുന്നു.

ക്രമ നം	മാസം	അറ്റൻഡൻസ് രജിസ്റ്റർ പ്രകാരമുള്ള ഹാജർ	തുക അനുവദിച്ച ഹാജർ	അനുവദിക്കേണ്ടിയിരുന്ന വേതനം	അനുവദിച്ച വേതനം	അധികം നൽകിയ വേതനം
1	സെപ്റ്റംബർ 2022	24	25	24*830= 19920	25*830= 20750	830
2	നവംബർ 2022	23	25	23*830= 19090	25*830= 20750	1660
3	ജനുവരി 2023	24	25	24*830= 19920	25*830= 20750	830
4	ഫെബ്രുവരി 2023	24	25	24*830= 19920	25*830= 20750	830
ആകെ						4150

അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ച് ഹാജരായ ദിവസങ്ങളേക്കാൾ കൂടുതൽ ദിവസത്തെ വേതനം നൽകിയിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അറ്റൻഡൻസ് രജിസ്റ്ററിൽ ഹാജർ, ലീവ്, അവധി ദിവസങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതും ആയത് പരിശോധിച്ച് ഹാജരായ ദിവസങ്ങൾക്കനുസൃതമായി മാത്രം വേതനം നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. അറ്റൻഡൻസ് രജിസ്റ്റർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/30.10.2023) മറുപടി നൽകിയില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 KMSCL ൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാകാൻ അവശേഷിക്കുന്നു

പ്രോജക്ട് നമ്പർ	13/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ മുക്കന്തൂർ പിഎച്ച് സി
പ്രോജക്ടിന്റെ പേര്	സ്വാന്തന പരിചരണ പരിപാടി
അടങ്കൽ	₹5,00,000/- (വികസന ഫണ്ട്- ജനറൽ) ₹1,00,000/- (തനത് ഫണ്ട്) ആകെ - ₹6,00,000/-
ചെലവ്	₹5,00,000/-(വികസന ഫണ്ട്- ജനറൽ) ₹1,00,000/- (തനത് ഫണ്ട്) ആകെ = ₹6,00,000 /-

മേൽ പ്രോജക്ട് പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് പ്രൊഫോർമ്മ ഇൻ വോയ്സ് നം. PRF1245 തീ.01.09.2022 -ന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ (ജനറൽ) നിന്നും ബിൽ നം.107/2023 തീയതി : 18.10.2022 പ്രകാരം ₹24184/- അഡ്വാൻസ് ആയി കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/30.10.2023) ₹18361/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സുകൾ ഹാജരാക്കി. ബാക്കി ₹5823/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമാകാനുണ്ടെന്നും ആയതിന് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും മറുപടി നൽകി. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ₹5823/- തടസ്സപ്പെടുത്തുന്നു.

1-23 പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ആംബുലൻസ് ലോഗ്ബുക്ക് പരിപാലനം - അപാകതകൾ.

മുക്കന്തൂർ പി.എച്ച്.സിയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന KL-63G-8388 നമ്പർ മാരുതി ഇക്കോ വാഹനത്തിന്റെ (ആമ്പുലൻസ്) ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വാഹനത്തിൽ ഇന്ധനം നിറച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ചെലവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2) വാഹനത്തിന്റെ ഇന്ധന ഉപയോഗത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ചാലക്കുടി) 31.08.2022 തീയതിയിലെ 17/708/EKM നമ്പർ ആവശ്യകതാ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടി വാഹനത്തിന്റെ 3 ടയറുകൾ മാറ്റിയിരുന്നു. എന്നാൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും സർക്കുലർ നം. 41/2008/ധന/02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-24 സ്മാർട്ട് ഗാർബേജ് ആപ്പ് സർവ്വെ

പ്രോജക്ട് നമ്പരും പേരും	277/23, സ്മാർട്ട് ഗാർബേജ് ആപ്പ് സർവ്വെ
അടങ്കൽ	₹110000/-(തനത് ഫണ്ട്)
ചെലവ്	₹80040/- (തനത് ഫണ്ട്)
ബിൽ നം.&തീയതി	101/1-10-2022
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

സംസ്ഥാനത്തെ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി 26.09.2022 തീയതിയിലെ സ.ഉ.(സാധാ)നം.2341/2022/ തസ്വഭവ പ്രകാരം ശുചിത്വ മിഷന്റെയും ഹരിത കേരള മിഷന്റെയും മേൽനോട്ടത്തിൽ കെൽട്രോണുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും QR Code പതിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു വീട്/സ്ഥാപനത്തിന് 15/-രൂപ നിരക്കിൽ വീട്/സ്ഥാപനങ്ങളിൽ സർവ്വെ നടത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. എന്നാൽ 5336 വീടുകളിൽ/ സ്ഥാപനങ്ങളിൽ മാത്രമാണ് സർവ്വെ നടത്തിയത് ബാക്കിയുള്ളവ നാളിതുവരെ നടത്തി പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

നിലവിൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(28-14/10/2023)ക്ക് മറുപടിയായി QR Code പതിക്കുന്നത് പുരോഗമിച്ച് വരുന്നുണ്ടെന്നു അറിയിച്ചിട്ടുണ്ട്.

1-25 മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല.

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000/- രൂപ, കൂടിയത് 50000/- രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000/- രൂപ, കൂടിയത് 100000/- രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

1) 85/23, ഈസ്റ്റ് ആഴകം തുരുത്ത് റോഡ് റീടാറിംഗ് - ഡ്രൈനേജ് മെയിന്റനൻസ്- വാർഡ്-11 (SO.66/22)	
അടങ്കൽ	₹156000 (മെയിന്റനൻസ് ഫണ്ട്-റോഡ്)
ചെലവ്	₹156000 {Bill No.425/28.03.2023}
PAC	₹139054
കരാറുകാരൻ	വർഗ്ഗീസ്.എ.പി
എഗ്രിമെന്റ് നം:	62/AE/LID&EW/MKR/2021-22/16.02.2022
അളവു പുസ്തകം നം.	655/21-22
പൂർത്തീകരണ കാലാവധി	15.10.2022 (TS പ്രകാരം)
പൂർത്തീകരിച്ച തിയതി	21.03.2023
ഈടാക്കിയ പിഴ	0
ഈടാക്കേണ്ടിയിരുന്നത്	₹4172 (3% PAC)
ആകെ ഈടാക്കേണ്ട തുക	₹4172

2) 60/23, മുണ്ടപ്പിള്ളി ബ്രാഞ്ച് കനാൽ ബണ്ട് റോഡ് സംരക്ഷണ ഭിത്തി മെയിന്റനൻസ് രണ്ടാം ഘട്ടം- വാർഡ്-6 (SO.248/22)	
അടങ്കൽ	₹168185 (മെയിന്റനൻസ് ഫണ്ട്-റോഡ്)
ചെലവ്	₹ 168185 {Bill No.209/05.01.2023}
PAC	₹153527
കരാറുകാരൻ	ബെഞ്ചമിൻ ബേബി
എഗ്രിമെന്റ് നം:	60/AE/LID&EW/MKR/2021-22/16.02.2022
അളവു പുസ്തകം നം.	652/21-22
പൂർത്തീകരണ കാലാവധി	15.05.2022 (TS പ്രകാരം)
പൂർത്തീകരിച്ച തിയതി	13.12.2022
ഈടാക്കിയ പിഴ	0
ഈടാക്കേണ്ടിയിരുന്നത്	₹4605 (3% PAC)
ആകെ ഈടാക്കേണ്ട തുക	₹4605

3) 75/23, ചൂളപ്പുര നക്കാളിപ്പാടം റോഡ് റീടാറിംഗ്-വാർഡ് 6 (SO.303/22)	
അടങ്കൽ	₹370401 (60800- Dev.Fund-GL, 17953-Own Fund, 291648-മെയിന്റനൻസ് ഫണ്ട്-റോഡ്)

ചെലവ്	₹ 344265 {Bill No.461/30.3.23-34664, Vr No.22201175/2.2.23-17953, Bill No.238/27.1.23- 291648}
PAC	₹326346
കരാറുകാരൻ	വർഗ്ഗീസ്.എ.പി
എഗ്രിമെന്റ് നം:	69/AE/LID&EW/MKR/2021-22/25.02.2022
അളവു പുസ്തകം നം.	656/21-22
പൂർത്തീകരണ കാലാവധി	24.05.2022 (TS പ്രകാരം)
പൂർത്തീകരിച്ച തിയതി	04.01.2023
ഈടാക്കിയ പിഴ	0
ഈടാക്കേണ്ടിയിരുന്നത്	₹9790 (3% PAC)
ആകെ ഈടാക്കേണ്ട തുക	₹9790

4) 57/23, പൊതുകിണറുകളുടെ അറ്റകുറ്റപ്പണികൾ (SO.137/22)	
അടങ്കൽ	₹450000 (CFC)
ചെലവ്	₹ 367754 {Bill No.271/23.02.2023}
PAC	₹ 330180
കരാറുകാരൻ	ജോസ്.എം.വി
എഗ്രിമെന്റ് നം:	76/AE/LID&EW/MKR/2021-22/26.02.2022
അളവു പുസ്തകം നം.	98/20-21
പൂർത്തീകരണ കാലാവധി	25.12.2022 (TS പ്രകാരം)
പൂർത്തീകരിച്ച തിയതി	07.02.2023
ഈടാക്കിയ പിഴ	0
ഈടാക്കേണ്ടിയിരുന്നത്	₹3302 (1% PAC)
ആകെ ഈടാക്കേണ്ട തുക	₹3302

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും 2012 ലെ കേരള PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.13/28.10.2023, 20/30.10.2023)ക്ക് മറുപടിയായി തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
ആയതിനാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക ₹21869/- (4172+4605+9790+3302) ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-26 മരാമത്ത് പ്രവൃത്തികൾ-എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

2012ലെ കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫോം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

പ്രവൃത്തിയുടെ വിവരം	ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി	പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തീയതി	എഗ്രിമെന്റ് വെച്ച തീയതി, നം.	ഈടാക്കേണ്ടിയിരുന്ന പിഴ (PACയുടെ 1%)
174/23, പൂപ്പിക്കുന്ന് ലിങ്ക് റോഡ് ഡ്രൈനേജ് നിർമ്മാണം- വാർഡ്-3 അടങ്കൽ-₹351000 (337929-CFC, 13071-തനത് ഫണ്ട്) ചെലവ്-₹312668(CFC) (ബിൽ നം.320/14.03.2023) APAC-₹297042 കരാറുകാരൻ - ശ്രീ. സാബു സെബാസ്റ്റ്യൻ എഗ്രിമെന്റ് നം. 46/AE/LID&EW/MKR/2022-23, Dt.05.01.2023 ഭരണ സമിതി തീരുമാനം നം.1(3)/24.11.2022	24.11.2022/ 09.12.2022	22.12.2022	05.01.2022	2970
231/23, തെക്കേ അട്ടാറ റോഡ് ഡ്രൈനേജ് നിർമ്മാണം- വാർഡ്-13	24.11.2022/ 09.12.2022	22.12.2022	05.01.2022	1667

അടങ്കൽ-₹200000 (CFC) ചെലവ്-₹183541(CFC) (ബിൽ നം.287/23.02.23) APAC-₹166699 കരാറുകാരൻ - ശ്രീ. എൽദോ ഏലിയാസ് എഗ്രിമെന്റ് നം. 51/AE/LID&EW/MKR/2022-23, Dt.05.01.2023 ഭരണ സമിതി തീരുമാനം നം.1(3)/24.11.2022				

കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 9/28.10.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കരാർ ചമയ്ക്കാൻ വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക **4637/- രൂപ** ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

1-27 മരാമത്ത് പ്രവൃത്തികൾക്കുള്ള ടെണ്ടർ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ കരാറുകാരുമായി കരാർ ചമച്ചു

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ടെണ്ടർ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ കരാർ ചമച്ചു. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 10(11), 10(15) എന്നിവയിൽ പറയുന്ന ടെണ്ടർ സ്വീകരിക്കൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

ക്രമ നം.	പ്രോജക്ട് നമ്പരും, പേരും	കരാർ ചമച്ച തീയതി	കരാർ ലഭിച്ച കോൺട്രാക്ടറുടെ പേര്	2022-23 ൽ ചെലവഴിച്ച തുക
1	148/23, വാതക്കാട് ബ്രാഞ്ച് കനാൽ ക്രോസ് റോഡ് മെയിന്റനൻസ്-വാർഡ് 5	25.01.2023	ജിതിൻ സേവ്യർ	200000
2	173/23, മൂലേപ്പാറ കനാൽ ബണ്ട് റോഡ് മെയിന്റനൻസ്-വാർഡ് 3	01.02.2023	സാബു സെബാസ്റ്റ്യൻ	970000
3	153/23, കനാൽദേശം വാതക്കാട് റോഡ്-മാർഅഗസ്റ്റിൻ	25.01.2023	ജിതിൻ സേവ്യർ	170000

	കണ്ടത്തിൽ മെമ്മോറിയൽ റോഡ് മെയിന്റനൻസ്- വാർഡ് 5			
4	151/23, വാതക്കാട് ബ്രാഞ്ച് കനാൽ ബണ്ട് റോഡ് മെയിന്റനൻസ്- വാർഡ5	25.01.2023	ജിതിൻ സേവ്യർ	220000
5	150/23, സെന്റ് ആന്റണീസ് കപ്പേള വാതക്കാട് ബ്രാഞ്ച് കനാൽ ക്രോസ് റോഡ് മെയിന്റനൻസ്- വാർഡ് 5	25.01.2023	ജിതിൻ സേവ്യർ	409000
6	138/23, കോക്കുന്ന് ലക്ഷം വീട് റോഡ് മെയിന്റനൻസ്- വാർഡ് 4	05.01.2023	നിവിൻ പള്ളിപ്പാടൻ ബേബി	299168
7	198/23, പാല ആഴകം മെയിൻ കനാൽ ബണ്ട് റോഡ് മെയിന്റനൻസ്- വാർഡ് 9	01.02.2023	കെ.ഐ.വർഗ്ഗീസ്	622168
8	248/23, ബഡ്സ് സ്കൂൾ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ	01.02.2023	സാബു സെബാസ്റ്റ്യൻ	475113

ടെണ്ടറിന് അംഗീകാരം ലഭിച്ചത് ഭരണസമിതിയുടെ 25.03.2023ലെ യോഗ തീരുമാനം നം.2(10) പ്രകാരം മാത്രമാണ്. ടെണ്ടർ അംഗീകരിക്കുന്നതിന് മുമ്പ് തന്നെ കരാറുകാരുമായി കരാർ ചമച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (18/30.10.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ സ്വീകരിക്കുന്നതിന് അംഗീകാരം ലഭിക്കും മുമ്പ് തന്നെ കരാർ ചമച്ചത് സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അതോടൊപ്പം ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതും മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട നിയമവും ചട്ടങ്ങളും പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-28 മരാമത്ത് പ്രവൃത്തികളുടെ നിർവഹണം- പൊതുവായ വിലയിരുത്തൽ

എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 147 മരാമത്ത് പ്രവൃത്തികൾക്ക് 2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭ്യമാക്കിയതിൽ 122 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 39763074/- രൂപയിൽ 30683363/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷം വകയിരുത്തിയ തുകയുടെ 77.17% ചെലവഴിച്ചിട്ടുണ്ട്.

മുൻവർഷത്തെ 33 പ്രവൃത്തികൾ തൻവർഷം സ്പിൽ ഓവറായി മാറുകയും ആയതിൽ 31 പ്രവൃത്തികൾ തൻവർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ബി. രേഖകളുടെ സൂക്ഷിപ്പ്

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നില്ല. കൂടാതെ കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

3. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

4. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം നം./തിയതി എഴുതുന്നില്ല.

5. സചിത്ര സോഫ്റ്റ്വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

6. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

സി. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.84/2022/തസ്വഭവ, തിയതി.19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കൃത്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ രേഖകൾ കൃത്യമായി സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
(മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/28.10.2023) മറുപടി ലഭ്യമാക്കിയില്ല.)

1-29 പാർട്ട് ബിൽ നൽകിയ മരാമത്ത് പ്രവൃത്തികൾക്ക് പൂർത്തീകരണ റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നു

താഴെ പറയുന്ന പ്രവൃത്തികൾക്ക് അളവ് പുസ്തകം പ്രകാരം ആദ്യഭാഗ ബിൽ നൽകിയ ശേഷം പദ്ധതി പൂർത്തീകരിച്ചതായി പൂർത്തീകരണ റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

പ്രവൃത്തിയുടെ വിവരം	അടങ്കൽ (ഫണ്ടിനം)	ചെലവ്	ബിൽ നം./ തീയതി
61/23, ഗാന്ധിനഗർ സെഹിയോൻകവല കനാൽ ബണ്ട് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം അവസാന ഘട്ടം- വാർഡ്-4 (അളവ് പുസ്തകം നം.692/18-19) Retension കുറവ് ചെയ്തത്-2925	200000 (MG-R)	118189 (ബിൽ, അളവു പുസ്തകം എന്നിവ പ്രകാരം First & Part Bill ആണ്)	7/22.07.2022
62/23, കോക്കുന്ന് കനാൽ ബണ്ട് സിമിറ്ററി റോഡ് ഭിത്തി നിർമ്മാണം രണ്ടാം ഘട്ടം- വാർഡ്-4 (അളവ് പുസ്തകം നം.583/21-22) Retension കുറവ് ചെയ്തത്-6728	375000 (MG-R)	269100 (ബിൽ, അളവു പുസ്തകം എന്നിവ പ്രകാരം First & Part Bill ആണ്)	4/14.07.2022

അളവു പുസ്തകം, വർക്ക് ബിൽ എന്നിവ പ്രകാരം പാർട്ട് ബില്ലാണ് നൽകിയിരിക്കുന്നത്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതായി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(5/27.10.2023) ക്ക് പാർട്ട് ബിൽ നല്കിയതിന് ശേഷം നിലവിൽ പ്രവർത്തികൾ പൂർത്തീകരിക്കാൻ ബാക്കിയില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പക്ഷെ പാർട്ട് ബില്ലിൽ നിന്നും ബിൽ തുകയുടെ 2.5% റിട്ടെൻഷൻ കുറവ് ചെയ്തത് സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 പഴയ ബാറ്ററി മാറി വാങ്ങിയിട്ടില്ല

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിലേക്ക് 10 കെ വി ഇൻവർട്ടർ, ബാറ്ററി എന്നിവ 23.01.2023 ലെ ഒഎൽജി -ബി/2223006278, 6290 നമ്പർ ഇൻവോയിസുകൾ പ്രകാരം ഹൈകൺ ഇൻഡ്യ ലിമിറഡ്, ഒല്ലൂർ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 381376/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും പഴയ ബാറ്ററി മാറി വാങ്ങിയതായി കാണുന്നില്ല. നിലവിൽ പഴയ ബാറ്ററികൾ സംബന്ധിച്ച വിവരം നല്കുന്നതിനു നല്കിയ എൻക്വയറിക്ക് (25/31.10.2023) മറുപടി ലഭ്യമാക്കിയില്ല. പഴയ ബാറ്ററികൾ എക്സ്ചേഞ്ചു ചെയ്യാതെ പഞ്ചായത്തിൽ അവശേഷിക്കുകയാണ്.

പഴയബാറ്ററി മാറി പുതിയത് എടുത്തിരുന്നുവെങ്കിൽ പഞ്ചായത്തിന് എക്സ്ചേഞ്ച് ഓഫറായി ഡിസ്കൗണ്ട് ലഭിക്കുമായിരുന്നുമെന്നിരിക്കെ ആയതിനു ശ്രമിച്ചിട്ടില്ല. പഴയ ബാറ്ററികൾ വില്പന നടത്തി തുക പഞ്ചായത്ത്ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

ഭാവിയിൽ ഇത്തരം വാങ്ങലുകളിൽ എക്സ്ചേഞ്ച് ഉറപ്പുവരുത്തേണ്ടതും പഞ്ചായത്ത് ഫണ്ടിന്റെ നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

1-31 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷം മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ ചുവടെ ചേർക്കുന്നവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയതിനാൽ ടി പ്രോജക്ടുകളിൽ ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ട്	തുക	ബിൽ /വൗച്ചർ നമ്പർ തീയതി	ഏജൻസി
1	286/23	സ്ട്രീറ്റ് ലൈൻ നീട്ടൽ	123416	331/15.3.23	കെ എസ് ഇ ബി
2	276/23	സ്ട്രീറ്റ് ലൈൻ നീട്ടൽ	75402	210/6.1.2023	കെ എസ്ഇ ബി
3	99/23	ഐ.കെ.എം.	51700	118/19.10.2022	ഐ.കെ.എം
4	125/23	പോസ്റ്റ് മാറ്റൽ	47777	22200924/ 2-12-2022	കെ എസ് ഇ ബി
5	122/23	സാക്ഷരത	200000	114/19.10.2022	
6	123/23	സ്ട്രീറ്റ് ലൈൻ നീട്ടൽ	401424	159/29.11.2022	കെഎസ്ഇബി
7	283/23	പോസ്റ്റ് മാറ്റൽ	177338	249/1.2.2023	കെ എസ് ഇ ബി
8	113/23	ഡയാലിസിസിനു ധനസഹായം	73500	22201552/30-3-23	എസ് എസ് കെ
9	273/23	താബോർ കുടിവെള്ള പദ്ധതി	120000	222/11.1.2023	കേരള വാട്ടർ അതോറിറ്റി
10	272/23	താബോർ കുടിവെള്ള പദ്ധതി	543500	223/11.1.2023	കേരള വാട്ടർ അതോറിറ്റി
11	281/23	താബോർ കുടിവെള്ള പദ്ധതി	342480	246/1.2.2023	കേരള വാട്ടർ അതോറിറ്റി
12	131/23	അഗതിരഹിത കേരളം	100000	421/28.3.2023	കുടുംബശ്രീ
	ആകെ		2256537		

1-32 മഴക്കാലപൂർവ്വ ശുചീകരണം

മൂക്കന്നൂർ ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം മഴക്കാലപൂർവ്വ ശുചീകരണത്തിനായി 140000/-രൂപ തനതുഫണ്ട് 10.6.2022-ലെ വൗച്ചർ 22200229/10.06.2022 പ്രകാരം ചെലവഴിച്ചിട്ടുള്ളതാണ്. മഴക്കാലപൂർവ്വ ശുചീകരണത്തിനായി ശുചിത്വമിഷൻ ഫണ്ട് ലഭ്യമായോ എന്ന വിവരത്തിനും 14 വാർഡുകൾക്ക് തുക നല്കിയെങ്കിലും 10 വാർഡുകളുടെ ചെലവുരേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത് എന്നതിനാൽ ബാക്കി തുകയ്ക്ക് വിശദീകരണം നല്കേണ്ടതാണ് എന്ന വിവരത്തിനുമായി നല്കിയ എൻക്വയറി 22/23.10.23 ന മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖകളും മറുപടിയും ഹാജരാക്കത്തതിനാൽ 4 വാർഡുകൾക്ക്

യഥാക്രമം 1, 11, 12, 13 അനുവദിച്ച 40000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. കൂടാതെ ശുചിത്വമിഷൻഫണ്ട് ലഭ്യമാക്കി വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

1-33 പ്രിന്റിംഗ് ജോലികൾ- ആദായനികുതി ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷം മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽനിന്നും ബെൻസൺ പോൾ, ബോണസ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് പ്രിന്റിംഗ് ജോലികൾക്കായി അനുവദിച്ച തുകയിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു. ഇൻകം ടാക്സ് ആക്ട് 1961, സെക്ഷൻ 194 C പ്രകാരം ഈടാക്കേണ്ട 2% റ്റി.ഡി.എസ്. മേൽ തുകയിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കിയിട്ടില്ല. ആയതിനാൽ ടി.ഡി.എസ്. ഇനത്തിൽ ലഭിക്കേണ്ട 2534/- രൂപ ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

ക്രമ നംപർ	തുക	വൗച്ചർ നംപർ/തീയതി
1.	19140	22201339/4.3.23
2.	18850	22201234/14.2.23
3.	19140	22201088/12.1.23
4.	19650	22201437/10.8.22
5.	3250	22201438/10.8.22
6.	1700	22200536/1.9.22
7.	3810	22200526/1.9.22
8.	6220	22200528/1.9.22
9.	750	22200663/6.10.22
10.	3920	22200664/6.10.22
11.	650	22200665/6.10.22
12.	4500	22200666/6.10.22
13.	9300	22200667/6.10.22
14.	15820	22200827-832/15.11.2022
ആകെ	126700	

1-34 ജി ഒ പ്രോജക്ട്-അപാകതകൾ

പ്രോജക്ട്, നംപർ	ലൈഫ് മിഷൻവായ്പ തിരിച്ചടവ്, 296/23, 297/23 298/23, 302/23
ഫണ്ടിനം	വികസനഫണ്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

2022-23ൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഫണ്ടിൽ നിന്നും ലൈഫ് ഭവന പദ്ധതി വായ്പ തുക ഇനത്തിൽ 125548/- രൂപ Source Deduction വരുത്തിയതായി കാണുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി HUDCO യിൽ നിന്നും മുൻവർഷങ്ങളിൽ ലോൺ എടുത്തിട്ടില്ല. ഇല്ലാത്ത ലോണിന് GO Project വെച്ചത്

150667 രൂപയ്ക്കാണ്. ആയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കുന്നതിനും കൂടാതെ ടി തുക തിരികെ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുന്നതിനും നല്കിയ ഓഡിറ്റ് എൻക്വയറി 11/15.10.23 ക്ക് ഹാജരാക്കിയ മറുപടിയിൽ നടപടി സ്വീകരിച്ചതായി റിപ്പോർട്ടു ചെയ്തിട്ടില്ല. കൂടാതെ പഞ്ചായത്ത് സർക്കാർ ഉത്തരവു പ്രകാരം ഉത്ഭവത്തിൽ കുറവു ചെയ്ത തുകയല്ല ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ ജിഒ പ്രോജക്ട് പ്രകാരം ക്രമീകരിച്ചത്. എസ് സി പി ഇനത്തിൽ 111598/- രൂപയും ടി എസ് പി ഇനത്തിൽ 13950/- രൂപയും ഉൾപ്പടെ 125548/- രൂപ മാത്രമാണ് ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ ഉത്ഭവത്തിൽ കുറവുചെയ്തത് എന്നിരിക്കെ പഞ്ചായത്ത് ജനറൽ, എസ് സി പി, ടി എസ് പി, എന്നീ വിഭാഗത്തിലായി 150667/- രൂപയാണ് ജിഒ പ്രോജക്ടിൽ ഉൾപ്പെടുത്തിയത്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഭാഗം –2

വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2–1 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി

പെപെ മാർട്ട് സൂപ്പർമാർക്കറ്റ്, ജെ.എം മൂവീസ് ജോഷ് മാൾ എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല.

ക്രമനം	സ്ഥാപനം	ജീവനക്കാരന്റെ പേര്	അർദ്ധ വർഷം	റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം	ഈടാക്കിയ നികുതി	ഈടാക്കേണ്ടത്	കുറവ്
1	പെപെ മാർട്ട് സൂപ്പർമാർക്കറ്റ്, ജോഷ് മാൾ	ജിഷ പ്രിൻസൺ	I	125000	1000	1250	250
2	ജെ.എം മൂവീസ്	ജോഷി പോൾ	I	183000	1000	1250	250
ആകെ							500

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2–2 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31–10–2017

ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. സേവന മേഖലയിൽ മൂലധന നിക്ഷേപം 10 ലക്ഷം രൂപയിൽ കൂടാത്തത്, 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും, 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും, 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും, 5 കോടി രൂപയിൽ കൂടുതൽ എന്നിങ്ങനെയും ഉത്പാദന മേഖലയിൽ മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടാത്തത്, 25 ലക്ഷം രൂപയിൽ കൂടുതലും 1 കോടി രൂപയിൽ അധികരിക്കാത്തതും, 1 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും, 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ അധികരിക്കാത്തതും, 10 കോടി രൂപയിൽ കൂടുതൽ എന്നിങ്ങനെയും സ്ഥാപനങ്ങളെ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്റർപ്രൈസസുകളാക്കി തിരിച്ച് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. താഴെ പട്ടികയിൽ ചേർക്കുന്ന സ്ഥാപനത്തിൽ നിന്നും മേൽ പരാമർശിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.

സ്ഥാപനത്തിന്റെ പേര്	കെട്ടിടനം	ലൈസൻസ് അപേക്ഷയിലെ മൂലധന നിക്ഷേപം	ഉത്പാദന/സേവന മേഖല	ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ്	ഈടാക്കിയ ലൈസൻസ് ഫീസ്	കുറവ്
എം.എ.ജി.ജെ ഹോസ്പിറ്റൽ	407, 407 B മുതൽ 407 Q വരെ	10 കോടി	സേവന മേഖല	15000	10000	5000

മേൽ സ്ഥാപനത്തിൽ നിന്നും കുറവ് വന്ന ലൈസൻസ് ഫീ ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രസ്തുത അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/26.10.2023) മറുപടി നൽകിയില്ല.

ഭാഗം –3

ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4–1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നം/ തീയതി

2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	തൻവർഷം ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	2022-23 ചെലവ്	നീക്കിയിരുപ്പ്
ജില്ലാ പഞ്ചായത്ത്	2022-23	805210	79/23 ലൈഫ് ഭവന പദ്ധതി – ജനറൽ	240000	0
			81/23, ലൈഫ് ഭവന പദ്ധതി – എസ് സി	340000	0
			82/23 ലൈഫ് ഭവന പദ്ധതി – എസ് സി പി	20000	0
			96/23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	75000	0
			252/23 ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ്	130210	0
	ആകെ	805210		805210	0
ബ്ലോക്ക് പഞ്ചായത്ത്	2022-23 ആകെ	1770905	1/23, അങ്കണ വാടി പോഷകാഹാര പദ്ധതി	199978	0
			79/23, ലൈഫ് ഭവന പദ്ധതി -ജനറൽ	720000	0
			81/23 ലൈഫ് ഭവന പദ്ധതി -എസ് സി	340000	0
			96/23, ക്ഷീരകർഷ കർക്ക് പാലിന് സബ്സിഡി	225000	
			നെൽകൃഷി വികസനം	62400	0
			252/23, ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ്	390630	
			280/23, ബസേലിയോസ് എരപ്പ റോഡ് മെയിന്റനൻസ്	50000	
		1988008		**1988008**	**0**

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ തീയതി	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്. ഇ.ബി	തെരുവ് വിളക്കിന് ലൈൻ സ്ഥാപിക്കൽ (123/23)	വൗച്ചർ നം 921/ 2-12-22, 153020/- വൗച്ചർ നം 22200964/ 112-12-22, 49076/- വൗച്ചർ നം 22201202/ 18-2-23, 25370/- 29-11-2022, 173958	401424	0	401424
	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(Bejd]]D 7, 9 (125/23)	വൗച്ചർ നം 22200920/ 12-12-22, 29896/- വൗച്ചർ നം 22201105/19-1-23, 17881/-	47777	0	47777
	തെരുവ് വിളക്കിന് ലൈൻ സ്ഥാപിക്കൽ രണ്ടാംഘട്ടം (276/23)	വൗച്ചർ നം 22201092/ 12-1-23, 75402/-	75402	0	75402
	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(283/23)	വൗച്ചർ നം 22201176/ 1-2-23, 139355/- വൗച്ചർ നം 22201203/ 8-2-23, 30082/- വൗച്ചർ നം 22201408/ 17-3-23, 7901/-	177338	0	177338
	തെരുവ് വിളക്കിന്റെൻ സ്ഥാപിക്കൽ-മൂന്നാംഘട്ടം (286/23)	വൗച്ചർ നം 22201173/ 3-2-23, 108076/-	123416	0	123416

		വൗച്ചർ നം 22201418/ 17-3-23, 15340/-			
ആകെ			825357	0	825357
കേരള വാട്ടർ അതോറിറ്റി	താബോർ കുടിവെള്ള പദ്ധതിയ്ക്ക് ഫിൽട്ടർ സ്ഥാപിക്കുന്നതിന് കുളം ശുചിയാക്കൽ(272/23)	വൗച്ചർ നം 22201101/ 18-1-23, 543500/-	543500	0	543500
	താബോർ കുടിവെള്ള പദ്ധതിയുടെ ഫിൽട്ടർ സ്ഥാപിക്കൽ(273/23)	വൗച്ചർ നം 22201102/ 18-1-23, 120000/-	120000	0	120000
	താബോർ കുടിവെള്ള പദ്ധതിയുടെ ഫിൽട്ടർ സ്ഥാപിക്കൽ രണ്ടാംഘട്ടം (272/23)	വൗച്ചർ നം 22201175/ 03-2-23, 342480/-	342480	0	342480
			1005980		1005980

കുറിപ്പ്__:- തൻവർഷം കെ എസ് ഇ ബി യ്ക്ക് അഡ്വാൻസ് നൽകിയ തുക ധനകാര്യപത്രിക പ്രകാരം രേഖപ്പെടുത്തിയതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉത്തരവ്	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവനം നിർമ്മാണം	-	0-	₹360000	-	-	₹360000

കുറിപ്പ്:-ലൈഫ് ഭവനം നിർമ്മാണം വായ്പ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി തുക ഉണ്ടായിരുന്നില്ല എങ്കിലും ₹125548/- ഉത്ഭവത്തിൽ കുറവ് ചെയ്തതു സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച ₹28859/-ന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	അക്കൗണ്ട് ഹെഡ്	രസീത് നമ്പർ / തീയതി
2016-2017	2-1-3	₹120	മാഞ്ഞിക്കാട് മിൽക്ക് സൊസൈറ്റി	180400301	1220204759/ 25.01.2023
2016-2017	2-1-3	₹120	പി ഡി ഡി പി പൂതംകുറ്റി	180400301	1220204761/ 25.01.2023
2018-2019	1-13-3	₹960	ലാലി മാത്യു	180400301	1220202799/ 19.11.2022
2018-2019	1-13-3	₹960	ജോളി സാജു	180400301	1220203362/ 19.12.2022
2018-2019	1-13-3	₹1680	തരിയൻ തോമസ്	180400301	1220204562/ 19.01.2023
2019-2020/	1-14-1	₹960	ലാലി മാത്യു	180400301	1220202800/ 19.11.2022
ആകെ		₹4800			

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00		1999-00	അദ്ധ്യായം IV.7 (B)	തയ്യൽ മെഷീൻ വിതരണം. തുക 9220/-	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. കെ.എൻ. നാരായണന്റെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ തുക ഈടാക്കാൻ നിർവ്വാഹമില്ലെന്ന് മൂവ്വാറ്റുപുഴ തഹസിൽദാർ അറിയിച്ചിട്ടുണ്ട്. ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് തുക ഈടാക്കി നൽകുന്നതിനായി ടിയാന്റെ ബാദ്ധ്യത സർട്ടിഫിക്കറ്റ് കൊന്നത്തടി ഗ്രാമ
1998-99	58	2002-03	അദ്ധ്യായം VII.7(7)(I)	സർക്കാർ ഉത്തരവിന് വിരുദ്ധമായി ലക്ഷം വീട് പുനരുദ്ധാരണത്തിന് പണം നൽകി. തുക 1,80,000/-	
1998-99	59, 60	2002-03	അദ്ധ്യായം VII.7(7)(Ii)	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പണം നൽകിയത്. തുക 73,000/-	
1998-99	64	2002-03	അദ്ധ്യായം VII.7(7)(Iii)	തയ്യൽ പരിശീലന കേന്ദ്രം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക	

				ചെലവഴിച്ചു. 138054/-	തുക പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ വരവ്	3,55,71,336
ഓഡിറ്റ് വർഷത്തെ ചെലവ്	3,66,68,234
വരവിനങ്ങളിലുള്ള നഷ്ടം	5,500
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	24,69,778

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	500	ശ്രീ പ്രശാന്ത് കെ കെ, സെക്രട്ടറി
2-2	5,000	ശ്രീ പ്രശാന്ത് കെ കെ, സെക്രട്ടറി
ആകെ	5,500	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	1,17,604	ഡോ.ചിത്ര മെഡിക്കൽ ഓഫീസർ, ഹോമിയോ
1-20	49,814	ഡോ അനുരൂപ് ജോസഫ് പി. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-22	5,823	ഡോ അനുരൂപ് ജോസഫ് പി. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
1-31	22,56,537	ശ്രീ സുനിൽ കെ യു, സെക്രട്ടറി
1-32	40,000	ശ്രീമതി ഷീല ടി പി , സെക്രട്ടറി-ഇൻ-ചാർജ്ജ്
ആകെ	24,69,778	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും, സെക്രട്ടറി
1-33	2534	ശ്രീ സുനിൽ കെ യു, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന	സ്ഥിരം മേൽവിലാസം

	സമയത്തെ) ഔദ്യോഗിക മേൽവിലാസം	
ഡോ.ചിത്ര മെഡിക്കൽ ഓഫീസർ, ഹോമിയോ	മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത്	ചെറുകുന്നത്ത് വീട്, GG27, ഗ്രീൻ ഗാർഡൻസ് ഹൌസിങ്ങ് കോളനി, ടി ബി ജംഗ്ഷൻ അങ്കമാലി
ഡോ അനുരൂപ് ജോസഫ് പി. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	താലൂക്ക് ഹോസ്പിറ്റൽ, കോതമംഗലം	PPRA, പാറക്കടത്ത്, പുഴക്കരപാടം, കൊച്ചിൻ-682028
ശ്രീമതി ഷീല ടി പി , സെക്രട്ടറി-ഇൻ-ചാർജ്ജ്	കറുകുറ്റി ഗ്രാമ പഞ്ചായത്ത്	കുറുങ്ങാട്ടിൽ വീട്, കറുകുറ്റി പി ഒ, തോട്ടകം
ശ്രീ സുനിൽ കെ യു, സെക്രട്ടറി	മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത്	കൃഷ്ണ മന്ദിരം, വിദ്യാധിരാജ സ്കൂളിന് സമീപം, മേക്കാട് പി ഒ, എറണാകുളം
ശ്രീ പ്രശാന്ത് കെ കെ, സെക്രട്ടറി	കുവപ്പടി ഗ്രാമ പഞ്ചായത്ത്	കുട്ടിനപ്പിള്ളി വീട്, പാറപ്പുറം, കറുകുറ്റി പി ഒ-683576

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	എൽ.എഫ്.ഇ (പി3)186/98/07.10.1998
1997-98	എൽ.എഫ്.ഇ (പി3)293/99/16.03.2000
1998-99	എൽ.എഫ്.ഇ(പി3)1038/01/13.01.2002
1999-00	എൽ.എഫ്.ഇ (പി4)276/02/23.01.2003
2000-01	എൽ.എഫ്.ഇ (പി4)1439/03/10.09.2004
2001-02	എൽ.എഫ്.ഇ(പി4)1375/04 / 01.12.2005
2002-03	എൽ.എഫ്.ഇ.(പി4)1423/04 / 01.12.2005
2003-04	എൽ.എഫ്.ഇ.(പി4)773/05 / 04.07.2006
2004-05	എൽ.എഫ്.ഇ (പി4)1874/06/05.07.2006
2005-06	എൽ.എഫ്.ഇ (പി4)33/07/05.07.2006
2006-07	എൽ.എഫ്.ഇ (പി4)1293/10/03.11.2011
2007-08	എൽ.എഫ്.ഇ (പി4)1294/10/03.11.2011
2008-09 2009-10 2010-11	എൽ.എഫ്.ഇ (പി4)1511/12/12.09.2012
2011-12 2012-13	എൽ.എഫ്.ഇ (പി4)973/2014/29.08.2014
2013-14 2014-15	കെ.എസ്.എ.ഇ.കെ.എം.(പി4)411/2016/11.03.2016

2015-16	കെ.എസ്.എ.ഇ.കെ.എം.(പി4)2248/2016/23.01.2017
2016-17	കെ.എസ്.എ.ഇ.കെ.എം.(പി4)2055/2017/28.11.2017
2017-18	കെ.എസ്.എ.-ഇ.കെ.എം.(പി4)165/2019/11.03.2019
2018-19	കെ.എസ്.എ.ഇ.കെ.എം (പി4)138/20
2019-20	കെ.എസ്.എ.ഇ.കെ.എം.(പി4)1374/21 തീ. 07.02.2022
2020-21	കെ.എസ്.എ.ഇ.കെ.എം (പി4)1374/21 തീ. 07.02.2022
2021-22	കെ.എസ്.എ.ഇ.കെ.എം (പി4)-2283/2022 തീ. 02/03/2023

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) Dtd 05/07/2023 dated 1(1) Dtd 05/07/2023 dated 05-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mookkanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mookkanoor Grama Panchayat for the year 2022-2023

Date: 16/12/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Mookkanoor Grama Panchayat for the Year 2022-2023.

1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4.Generation of financial reports showing contradictory information due to non integration of Accounting software with other related softwares.
5.The number of own fund vouchers entered in bill register and payment order list are not matching.

2.Other Observations

1.Non inclusion of ratios And Noets to accounts. B1 Schedule not attached.

2. The gross Deficit of income over Expenditure is wrongly stated in the Income & Expediture Account.

3. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

4. Advance Register differ with AFS

5.Time expired Deposits are not timely recouped to Ownfund

6. E-Tender Form fees is not properly accounted and not entered as receivable in AFS.

7 Property Tax DCB in AFS is not in tally with the DCB in Sanchaya Statements.

8. As the statement of calculation of depreciation on various Asset is not prperly maintained, the correctness of provision for depreciation could not be verified.

9. Balance Funds(Account head, 3320700205) are not matching with bank account balance kept for the same funds.

10. No interest is received for Distress Releif fund balance deposited in the Bank Account.

11. Details not produced for the liability of Rs.38787/- in Account head, 350400999 -Refund from Unutilised Grants -prior period

12. Details not produced with respect to the negative amount Rs.3400/-in Account head,350200114 -Recoveries payable , Income tax deducted at Source .

13. Details not produced for the Expenditure of Rs.6313/ in Account head, 190200401 -Prior period Income .

14. Lapses in making timely and accurate demand entries in respect of tax revenue.

15.Proper supporting documents are not kept for Jounal Vouchers.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്